VOL I, No.3
2020 JANUARY-JUNE
1194-95 മിഥുനം-വൃശ്ചികം

*A peer reviewed research journal*

# ചെങ്ങഴി
# CHENGAZHI



# ഉള്ളടക്കം

എം ബഷീറിന്റെ കവിത
കെ. ജി. എസ്. 9

ഇതാ, കാവ്യാനുഭൂതികളെ കല്ലെറിയുന്ന ഒരു കവി!
എൻ. പ്രഭാകരൻ 13

ചിലമ്പുകാവ്യത്തിലെ കനൽചിന്തകൾ
ഡോ. ആർ. ഗീതാദേവി 37

രണ്ടു കവികൾ കവിതകൾ
സജയ് കെ.വി. 443

ആധുനികതാവാദകവിത: ഒരു ചരിത്രാവലോകനം
എൻ. അജയകുമാർ 48

ആദ്ധ്യാത്മികതയും ആധിഭൗതികതയും പ്രഭാവർമ്മയുടെ കവിതകളിൽ
ഡോ. എൻ. അജിത്കുമാർ 61

ചിരിയുടെ വ്യംഗ്യങ്ങൾ
ഡോ.നന്ത്യത്ത് ഗോപാലകൃഷ്ണൻ 66

ഒറ്റ: രാഘവൻ അത്തോളിയുടെ കവിത
എം.ബി. മനോജ് 73

ജീവിതത്തിന്റെ ത്രിമാനങ്ങൾ9
വി.അബ്ദുൾ ലത്തീഫ് 81

സാമൂഹികമാധ്യമവും കവിതയും
ഡോ.സിബു മോടയിൽ 88

കവിത എന്ന പ്രതിരോധപദ്ധതി: പി. എൻ. ഗോപീകൃഷ്ണന്റെ കവിതകൾ
ആർ. ചന്ദ്രബോസ് 94

# ആദ്ധ്യാത്മികതയും ആധിഭൗതികതയും പ്രഭാവർമ്മയുടെ കവിതകളിൽ

ഡോ. എൻ. അജിത്കുമാർ
പ്രൊഫസർ, മലയാളവിഭാഗം, കേരളകേന്ദ്ര സർവ്വകലാശാല

പ്രത്യക്ഷമല്ലാത്ത രണ്ടന്തരങ്ങളാണ കവിയും സഹൃദയനും. ഈ രണ്ടു പ്രഭേദങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണിയെന്ന നിലയിൽ കാവ്യത്തിന്റെ സ്ഥാനം ഉയർന്നതുതന്നെ. ഒപ്പം പ്രത്യേകമായ പൊതുബോധത്തിന്റെ ഉടമകളെന്ന നിലയിൽ രചയിതാവും സഹൃദയനും തമ്മിലുള്ള സമവാക്യം പൂരകമായിരിക്കുകയും ചെയ്യും. ഈ സമവാക്യം കാവ്യത്തിൽ എത്ര ശക്തമാകുന്നുവോ അത്രകണ്ടു കാവ്യം സ്വീകാര്യമായി ഭവിക്കുകയും ചെയ്യും. കാവ്യത്തെ ദോഷവിമുക്തമാക്കുന്ന പ്രധാന കണ്ണി ഒരുപക്ഷേ, ഈ പൊതുബോധം തന്നെ. പ്രത്യേകതരം സാംസ്കാരികസത്തയെ ഉൾക്കൊള്ളുന്നതുകൊണ്ടു തന്നെ വേറിട്ടൊരു സൗന്ദര്യതലം ഇതിൽ പ്രകടമായിരിക്കും. ഇതിലൂടെ ഉരുത്തിരിയുന്ന കാവ്യവഴക്കത്തെപ്പറ്റി സോദാഹരണവിശദീകരണം ആവശ്യമായി വരാം. ഇക്കാര്യത്തിൽ ഏറെ പ്രായോഗിക നിലപാടുകളുള്ള കവി ശ്രീ പ്രഭാവർമ്മയുടെ 'അനന്തപദ്മനാഭം' എന്ന കവിത പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

ആത്മീയവും ഭൗതികവുമായി രണ്ടു വ്യത്യസ്തങ്ങളുടെ സമവായം പ്രഭാവർമ്മയുടെ കവിതകളിൽ സജീവമാണ്. 'അപരിഗ്രഹം' എന്ന കവിതാസമാഹാരത്തിലെ ആദ്യ കവിതയായ 'അനന്തപദ്മനാഭം' നോക്കുക. അതിൽ ഭഗവാൻ ശയനം ചെയ്യുന്നത് പാൽക്കടലിലാണ്. ബ്രഹ്മത്തിന്റെ നേർരൂപമായി കണ്ടുവരുന്ന ദേവസങ്കല്പം വിഷ്ണുവിലുണ്ട്. ആ വിശേഷചൈതന്യം യോഗനിദ്രയിലാണ്ടു സ്ഥിതിചെയ്യുന്നിടമത്രേ ശ്രീപദ്മനാഭസ്വാമി ക്ഷേത്രം. അപ്പോളത് ബ്രഹ്മം തന്നെയായി. പള്ളികൊള്ളുന്നിടമാകട്ടെ പാൽക്കടലും. ബ്രഹ്മത്തിൽ ലയിച്ചാൽ മുക്തി ഉറപ്പ്. മുക്തിയെന്നാൽ ജനനമരണങ്ങളില്ലാത്ത നിലയുമാണല്ലോ. ജനിച്ചാലുള്ള ഒരേയൊരു സത്യമായ മരണം ഇഹലോകസംബന്ധമാണ്. ഇഹമെന്നാൽ അത് ഭൗതികം കൂടിയായി മനസ്സിലാക്കണം. ഭൗതികജീവിതത്തെയും സാഗരമായി കണ്ടുവരാറുണ്ടല്ലോ ; 'സംസാരമാം സാഗരം' എന്ന സൈദ്ധാന്തികപക്ഷം. അതാകട്ടെ മൂതിയെന്ന ഭയാവസ്ഥയുള്ള ജലസങ്കല്പവും. ഇവിടെ ജലത്തിന്റെ നിറം ശ്യാമനീലവും. നാട്യവിധിപ്രകാരം ഭയാനകം ബീഭത്സത്തിൽനിന്നു ജനിക്കുന്നു. ബീഭത്സത്തിന്റെ നിറം നീലമാണ്. ഭയാനകത്തിന്റെ നിറം കറുപ്പത്രെ. അതുകൊണ്ടു തന്നെ

## കുറിപ്പുകൾ

1.

ശ്യാമോ ഭവതി ശൃംഗാരഃ സിതോ ഹാസ്യഃ പ്രകീർത്തിതഃ
കപോത കരുണൈശ്ചവ രക്തോ രൗദ്ര പ്രകീർത്തിതഃ
ഗൗരോ വീരസ്തു വിജ്ഞേയഃ കൃഷ്ണശ്ചൈവ ഭയാനകഃ
നീല വർണ്ണസ്തു ബീഭത്സഃ പീതശ്ചൈവാത്ഭുതഃ സ്മൃതഃ

- നാട്യശാസ്ത്രം ഒന്നാം ഭാഗം പുറം 249
കേരളസാഹിത്യഅക്കാദമി തൃശ്ശൂർ 1987

2.

മശേഷജഗദ്പരിപൂർണ്ണവുമായേ
താനന്തവുമാദിയുമില്ലാത
ചരാചരഭൂത നിദാനസ്വരൂപം
മാനംകൊണ്ടറിവാനരുതായരു
മാമറയിൻ മുതലായൊരുനാളും
ദിനം വാരാതോരു പരാപര
ദിവ്യാത്മാനം വന്ദിക്കുന്നേൻ

–കണ്ണശ്ശരാമായണം ആദ്യത്തെപാട്ട്. പുറം 1
പ്രഗതി പബ്ലിഷേഴ്സ്, തിരുവനന്തപുരം – 1993

3.

വ്യാഖ്യാനം- ഇളംകുളം കുഞ്ഞൻപിള്ള

4. ഉണ്ണുനീലിസന്ദേശം, പൂർവ്വസന്ദേശം ശ്ലോകം 5 പുറം - 58

5. “വക്രോക്തിയെന്നത് വളച്ചുകെട്ടിപ്പറയലല്ല. ആശയത്തെ ക്ലിഷ്ടമാക്കി വായനക്കാരനെ കുടുക്കാനുള്ള വാചകക്കസർത്തുമല്ല. കാവ്യാത്മകമായ അനുഭൂതിയുടെ അഭിസംക്രമണത്തിനു കവിയുടെ പക്കലുള്ള ഉപകരണമാണു വക്രോക്തി. വക്രതയെന്നാൽ സൗന്ദര്യമെന്നാണർത്ഥം”. –പുറം- 4, വക്രോക്തികൈരളി, പൂജപ്പുര കൃഷ്ണൻ നായർ, മനു പബ്ലിഷേഴ്സ്, ശാസ്തമംഗലം ഏപ്രിൽ 2003,

ഡോ. എൻ. അജിത് കുമാർ



തിരുവനന്തപുരം സ്വദേശി. ഇപ്പോൾ കേരള കേന്ദ്ര സർവ്വകലാശാലയിൽ മലയാളവിഭാഗം പ്രൊഫസർ. വിവിധ എൻ.എസ്.എസ്. കോളേജുകളിൽ അദ്ധ്യാപകനിയിരുന്നു. നെന്മാറ എൻ.എസ്.എസ്. കോളേജിൽ പ്രിൻസിപ്പലായിരുന്നു.